പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ 99

13.12.2012 ൽ മറുപടിയ്ക്ക്

## അരിവില വർദ്ധന

**ചോദ്യം**

ശ്രീമതി. കെ.കെ. ലതിക:
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):
ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ:
ശ്രീ. കെ.വി. അബ്ദുൾ ഖാദർ :

എ) സംസ്ഥാനത്ത് അരിയുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) വില ക്രമാതീതമായി വർദ്ധിക്കുമ്പോഴും സർക്കാർ നിയന്ത്രിത സ്റ്റോറുകളിൽ ആവശ്യത്തിന് അരി ലഭ്യമല്ല എന്ന കാര്യം പരിശോധിക്കുമോ;

സി) വില നിയന്ത്രണത്തിന് ശക്തമായ നടപടികൾ സ്വീകരിക്കുമോ;

**ഉത്തരം**

ശ്രീ അനൂപ്ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) പൊതുവിപണിയിൽ അരിവില വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബി) & സി) ആവശ്യത്തിന് അരി ലഭ്യമാക്കി വില നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. റേഷൻ കടകൾ - വഴി ബി.പി.എൽ/എ.എ.വൈ, കാർഡുടമകൾക്ക് പ്രതിമാസം ഒരു രൂപ നിരക്കിലും എ.പി.എൽ വിഭാഗത്തിൽപ്പെട്ട 42 ലക്ഷത്തോളം കാർഡുടമകൾക്ക് രണ്ട് രൂപ നിരക്കിലും അരി വിതരണം ചെയ്തുവരുന്നു. അരി വില പൊതു മാർക്കറ്റിൽ വർദ്ധിച്ചതു മൂലം പൊതുജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുവേണ്ടി സപ്ലൈകോ 1289 ചില്ലറ വിൽപ്പനശാലകളിൽ കൂടി കിലോ ഗ്രാമിന് മട്ടയരി 16/- രൂപ, ജയ അരി 21/- രൂപ, കുറുവ അരി 19/- രൂപ, പച്ചരി 16/- രൂപ എന്നീ നിരക്കിൽ പ്രതിമാസം കാർഡൊന്നിന് 20

| | | | |
|---|---|---|---|
| | | | കി.ഗ്രാം അരി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് OMSS സ്കീം പ്രകാരം അനുവദിച്ച അരിയിൽ, 5000 ടൺ, ആദ്യഘട്ടമെന്ന നിലയിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി കിലോ ഗ്രാമിന് കോമൺ പുഴുക്കലരി/പച്ചരി 20.50 രൂപ, ഗ്രേഡ് എ പുഴുക്കലരി/പച്ചരി 21.00 രൂപ നിരക്കിൽ കാർഡൊന്നിന് പരമാവധി 25 കിലോഗ്രാം വീതം ഉടൻ വിതരണം ആരംഭിക്കുന്നതിന് ഉത്തരവ് നൽകിക്കഴിഞ്ഞു. |
| ഡി) | കരിഞ്ചന്തയും പൂഴ്ത്തിവയ്പും നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ? | ഡി) | കരിഞ്ചന്തയും പൂഴ്ത്തിവയ്പും നടത്തി, കൃത്രിമ ക്ഷാമം സൃഷ്ടിച്ച് അവശ്യസാധനങ്ങളുടെ വില വർദ്ധിപ്പിക്കാൻ ഇടയുളള സാഹചര്യങ്ങളെ മുൻകൂട്ടികണ്ട് അതിനെതിരെ കർശന നടപടി സ്വീകരിക്കാൻ സിവിൽ സപ്ലൈസ് വകുപ്പ് ജാഗരൂകരായി പ്രവർത്തിച്ചു വരുന്നു. വില്പന കേന്ദ്രങ്ങളിൽ വിലയും സ്റ്റോക്കും പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു. റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, മറിച്ചു വിൽപ്പന, എന്നിവ തടയുന്നതിനായി സംസ്ഥാനത്തെ റേഷൻ മൊത്ത/ചില്ലറ വ്യാപാര ഡിപ്പോകളിലെ പരിശോധന ഊർജ്ജിതമാക്കുവാൻ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന രണ്ട് സംസ്ഥാനതല സ്ക്വാഡുകളും ഓരോ ജില്ലയിലും ജില്ലാതല സ്ക്വാഡുകളും രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു വരുന്നു. സിഎം ആർ (കുത്തരി) മില്ലുകളിൽ നിന്നും കടത്തികൊണ്ടു |

പോകുന്നത് തടയുന്നതിനും അരിയുടെ ഗുണ നിലവാരം പരിശോധിക്കുന്നതിനും പത്ത് ഇൻസ്പെക്ഷൻ ടീമുകൾ രൂപീകരിച്ച് മില്ലുകളിൽ പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

Beenan

സെക്ഷൻ ഓഫീസർ